# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3786** 23.08.2017-ൽ **മറുപടിക്ക്**

വൈദ്യുതി കാറുകൾ

| | ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.റോജി എം. ജോൺ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി കാറുകൾ വാടകയ്ക്ക് നൽകുന്നതിനും പൊതുജനങ്ങളുടെ വൈദ്യുതി കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുമുള്ള പദ്ധതി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ എന്ത് ധനസഹായം ലഭിക്കും; ഈ പദ്ധതിക്കായി താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | തിരുവനന്തപുരത്ത് പട്ടം വൈദ്യുതി ഭവനം വളപ്പിലും ഏറണാകുളത്തെ മറൈൻ ഡ്രൈവിലുള്ള GIS സബ് സ്റ്റേഷനിലും തിരുവനന്തപുരം ടെക്നോപാർക്കിലും 2016-17 ലെ ഇന്നവേഷൻ ഫണ്ടും, കോഴിക്കോട് വൈദ്യുതി ഭവനം വളപ്പിൽ 2017-18 ലെ ഇന്നവേഷൻ ഫണ്ടും ഉപയോഗിച്ചാണ് ടി പദ്ധതികൾ നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതികൾക്കായി 171.5 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. ഈ പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി. താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. താല്പര്യപത്ര ഫോറത്തിൻറെ വിതരണം 15.07.2017ൽ ആരംഭിച്ച് 02.08.2017ൽ അവസാനിച്ചു. ഇത് സ്വീകരിക്കുന്ന അവസാന തീയതി 22.08.2017 ഉം ഇത് വിലയിരുത്തുന്ന സാങ്കേതിക കമ്മിറ്റി ചേരുന്നത് 23.08.2017 ലുമാണ് |

Kemalille

**സെക്ഷൻ ഓഫീസർ**